സ്കൂൾ വിദ്യാർത്ഥിനിയെ കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ.
==============================================




ശാസ്താംകോട്ട: 01.07.2019 പുലർച്ചെ 02.00 മണിയോടെ വീടിനുള്ളിൽ കടന്നു കയറി സ്കൂൾ വിദ്യാർത്ഥിനിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയായ ശാസ്താംകോട്ട ആയിക്കുന്നം ചിരണിക്കൽ വീട്ടിൽ അരവിന്ദാക്ഷൻ പിളള മകൻ അനന്തു (23) ആണ് പിടിയിലായത്. സ്വകാര്യ ബസ് ജീവനക്കാരനായ പ്രതി ടി ബസിലെ യാത്രക്കാരിയായ വിദ്യാർത്ഥിനിയെ പരിചയപ്പെടുകയും പ്രണയാഭ്യർത്ഥന നടത്തുകയും ചെയ്തിരുന്നു. പെൺകുട്ടി ഇത് നിരസിച്ചതാണ് പ്രകോപനത്തിന് കാരണമായത്. തുടർന്ന് പെൺകുട്ടിയെ അപായപ്പെടുത്താൻ തീരുമാനിച്ച പ്രതി ശാസ്താംകോട്ട പനപ്പെട്ടി സ്വദേശിയും സഹപ്രവർത്തകരുമായ രതീഷ് പോരുവഴി, കമ്പലടി സ്വദേശി ഷാനവാസ് എന്നിവരോടൊപ്പം രാത്രി ഒന്നാം പ്രതിയുടെ ബൈക്കിൽ പെൺകുട്ടിയുടെ വീട്ടിലെത്തി വീടിനുള്ളിൽ അതിക്രമിച്ചു കയറി കയ്യിൽ കരുതിയിരുന്ന കത്തി

കൊണ്ട് വയറിൽ മാരകമായി പരുക്കേല്പിച്ചു പുറത്തു കടന്ന ശേഷം സഹായികളായ **രണ്ടും** മൂന്നും പ്രതികളോടൊപ്പം ഒളിവിൽ പോവുകയായിരുന്നു. ബഹു. ജില്ല പോലീസ് മേധാവി ശ്രീ. ഹരിശങ്കർ IPS അവർകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊട്ടാരക്കര DySP S.നാസറുദ്ദിന്റെ നേതൃത്വത്തിൽ ശാസ്താംകോട്ട എസ്.എച്ച്.ഒ V.S പ്രശാന്ത്, എസ്.ഐ. മാരായ S.ഷുക്കൂർ, നാസറുദ്ദിൻ, ASI മാരായ ഷാജഹാൻ, ശിവശങ്കരപിള്ള, SCPO മാരായ ബി.അജയകുമാർ, വിജയൻ പിളള, രാധാകൃഷ്ണ പിളള, എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് പ്രതിയേയും കുറ്റകൃത്യത്തിനും തുടർന്ന് രക്ഷപെടുന്നതിനും സഹായിച്ച കൂട്ടാളികളേയും മുതുപിലാക്കാട്ട് നിന്നും അറസ്റ്റ് ചെയ്തത്.

KOLLAM RURAL

**കൊല്ലം റൂറൽ പോലീസ്**